4. ഷാൻ ഡോഗ് ഡക്റ്റൈൽ അയേൺ പൈപ്പ് കമ്പനി ലിമിറ്റഡ്, ചൈന
5. ബെൻക്സി ബെയ്റ്റായി കാസ്റ്റ് പൈപ്പ് ഫിറ്റിംഗ്സ് കമ്പനി ലിമിറ്റഡ്, ചൈന
6. സിൻസിംഗ് ഡക്റ്റൈൽ അയേൺ പൈപ്പ് കമ്പനി ലിമിറ്റഡ്, ചൈന
7. ലാങ്കോകാലഹസ്തി കാസ്റ്റിംഗ്സ് ലിമിറ്റഡ്, ആന്ധ്രാപ്രദേശ്
8. ഇലക്ട്രോ സ്റ്റീൽ കാസ്റ്റിംഗ്സ് ലിമിറ്റഡ്, കൽക്കത്ത
9. കൊണോറിയ ഷുഗർ ആന്റ് ജനറൽ മാർക്കറ്റിംഗ് കമ്പനി ലിമിറ്റഡ്
10. എ ഇൻഫ്രാസ്ട്രക്ചേർസ്, മുംബൈ
11. ശ്രീവെങ്കിടേശ്വര പൈപ്പ്സ് പ്രൈവറ്റ് ലിമിറ്റഡ്, സെക്രന്ദ്രാബാദ്

മേൽപ്പറഞ്ഞ കമ്പനികൾ തമ്മിൽ ബന്ധമുള്ളതായി അറിവില്ല.

(ഡി) കാസർഗോഡ് ജില്ലയിൽ കുടിവെള്ള പദ്ധതികളുടെ നിർമ്മാണത്തിനായി 2005-ൽ ക്ഷണിച്ച 6 ടെണ്ടറുകളിൽ പൈപ്പ് കമ്പനികളുടെ പേര് നൽകിയിരുന്നു.

(ഇ) ടെണ്ടറുകളിൽ പങ്കെടുക്കുന്ന കരാറുകാർക്ക് ബി. ഐ. എസ്./ ഐ. എസ്. ഐ./ഐ. എസ്. ഒ. അംഗീകാരമുള്ള പൈപ്പ് നിർമ്മാണകമ്പനികളെ കുറിച്ചുള്ള അറിവ് കുറവായതു കാരണം മൽസരസ്വഭാവമുള്ള ടെണ്ടറുകൾ ലഭിക്കുവാൻ വേണ്ടിയാണ് പൈപ്പ് നിർമ്മാതാക്കളുടെ പേരുവിവരം നൽകിയത്.

(എഫ്) ഗുണനിലവാരമുള്ളവയാണെങ്കിൽ മറ്റു കമ്പനികളുടെ പൈപ്പുകൾ ഉപയോഗിക്കുന്നതിന് വാട്ടർ അതോറിറ്റി വിലക്ക് ഏർപ്പെടുത്തിയിട്ടില്ല. ഗുണ നിലവാരം ഉറപ്പുവരുത്തുന്നതിനുവേണ്ടി ബി. ഐ. എസ്./ഐ. എസ്. ഐ./ ഐ. എസ്. ഒ. അംഗീകാരമുള്ള കമ്പനികളുടെ പൈപ്പുകൾ മാത്രമേ സപ്ലൈ ചെയ്യാവൂ എന്ന് ടെണ്ടറിൽ പ്രത്യേകം നിഷ്കർഷിക്കുന്നതുകൊണ്ട് ഈ അംഗീകാരങ്ങൾ ഇല്ലാത്ത കമ്പനികളുടെ പൈപ്പുകൾ സപ്ലൈ ചെയ്യാൻ അനുവദിക്കാറില്ല.

കണ്ണൂർ ജില്ലയിലെ എരുവേശ്ശി ഗ്രാമപഞ്ചായത്തിലെ അമ്പഴത്തും പാറയിലെ ശുദ്ധജല ദൗർലഭ്യം പരിഹരിക്കൽ

96 [1033] *ശ്രീ. കെ. സി. ജോസഫ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ എരുവേശ്ശി പഞ്ചായത്തിലെ അമ്പഴത്തും പാറൽ ഭാഗത്തെ ശുദ്ധജല ദൗർലഭ്യം പരിഹരിക്കുന്നതിന് എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ;

(ബി) ഈ പദ്ധതി പൂർണ്ണമായും പ്രയോജനപ്രദമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിനുവേണ്ടിവരുന്ന എസ്റ്റിമേറ്റ് തുക എത്രയാണ്?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) എസ്റ്റിമേറ്റ് തുക 13.20 ലക്ഷം രൂപയും പുതുക്കിയ എസ്റ്റിമേറ്റ് 14.60 ലക്ഷം രൂപ (വൈദ്യുതി കണക്ഷനുവേണ്ട 3.90 ലക്ഷം രൂപ ഒഴികെ) യുമാണ്.

കോഴിക്കോട് ജില്ലയിലെ എലത്തൂർ, തലക്കളത്തൂർ, നൻമണ്ട പഞ്ചായത്തുകളിൽ ജപ്പാൻ കുടിവെള്ള പദ്ധതി

97 [1034] *ശ്രീ. എ. സി. ഷൺമുഖദാസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ, തലക്കളത്തൂർ, നൻമണ്ട പഞ്ചായത്തുകളിൽ ജപ്പാൻ കുടിവെള്ള പദ്ധതിക്ക് വേണ്ടി സ്ഥലം അക്വയർ ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എത്ര സ്ഥലം എവിടെയെല്ലാമാണ് എന്ന് വെളിപ്പെടുത്താമോ;

(സി) ഈ പദ്ധതി അത്തോളി പഞ്ചായത്തിൽ കൂടി വ്യാപിപ്പിക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) എലത്തൂർ പഞ്ചായത്തിൽ ജപ്പാൻ കുടിവെള്ള പദ്ധതിക്ക് വേണ്ടി സ്ഥലം അക്വയർ ചെയ്യാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ തലക്കളത്തൂർ, നൻമണ്ട പഞ്ചായത്തുകളിൽ സ്ഥലം അക്വയർ ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) തലക്കളത്തൂർ പൈപ്പ്‌ലൈൻ പോകുന്ന റൂട്ടിൽ 0.0628 ഹെക്ടർ സ്ഥലവും നൻമണ്ടയിൽ 0.0065 ഹെക്ടർ സ്ഥലവും അക്വയർ ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly